**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1988** **02-02-2024 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള പെരുംകുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളികളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരുംകുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്കു ആരംഭിക്കുമെന്നും എന്നത്തേയ്ക്കു പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരുംകുന്നം ജി.എൽ.പി.എസ്. കളിസ്ഥലം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന് മുന്നോടിയായി പ്രസ്തുത സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവ്വേ ചെയ്യുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവ്വേ പൂർത്തീകരിച്ചാലുടൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പദ്ധതിയ്ക്ക് എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ചതിനു ശേഷം കായിക യുവജനകാര്യ ഡയറക്ടർ സമഗ്രഭരണാനുമതി നൽകുന്നതുമാണ്. അതിനു ശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവർത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ